**Desabhimani**

**17 July 2018**

**Palluruthy, Chellanam, Sea Level Rise**

# ചെല്ലാനത്ത് കടൽകയറ്റം രൂക്ഷം

**മണൽ വാടകൾ തകർന്നു നൂറുകണക്കിന് വീടുകളിൽ വെള്ളം കയറി**

**പള്ളുരുത്തി**

ചെല്ലാനത്ത് മൂന്നുദിവസമായി കടൽ കരയിലേക്ക് ഇരച്ചു കയറുന്നു. രാവിലെ നേരിയ തോതിൽ വെള്ളം കയറാൻ തുടങ്ങുന്നത് ഉച്ചയോടെ ശക്തി പ്രാപിക്കും. ആദ്യദിവസത്തെ കടൽകയറ്റത്തിൽതന്നെ വെള്ളം കയറൽ തടയാൻ നിർമിച്ച മണൽ വാടകൾ തകർന്നു. ആലുങ്കൽ കടപ്പുറം, ചാളക്കടവ്, വേളാങ്കണ്ണി എന്നീ പ്രദേശങ്ങളിലാണ് കടൽ രൂക്ഷമായി കയറുന്നത്. തീരപ്രദേശത്തെ നൂറുകണക്കിന് വീടുകളിൽ വെള്ളം കയറി. പല വീടുകളുടെയും അടിത്തറ ഇളകിയതായി നാട്ടുകാർ പറഞ്ഞു. പത്രങ്ങളും വീട്ടുപകരണങ്ങളും ഒലിച്ചുപോയി. വീടുനിർമാണത്തിന് ഇറക്കിവച്ച സാമഗ്രികൾ നശിച്ചു. ചെല്ലാനത്തെ കിഴക്കൻ മേഖലയിൽ 14, 15 വാർഡുകളിലെ വീടുകളിലാണ് വെള്ളം കയറിയത്.